**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 233** **13-10-2021 - ൽ മറുപടിയ്ക്ക്**

**തിരുവിതാംകൂർ ദേവസ്വം ബോർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡ് സാമ്പത്തിക പ്രതിസന്ധിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സർക്കാരിനോട് സാമ്പത്തിക സഹായം ആവശ്യപ്പെട്ട് ദേവസ്വം ബോർഡ് കത്ത് നൽകിയിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ശബരിമല ക്ഷേത്രനട ഈ മാസം തുറക്കാനിരിക്കെ മുന്നൊരുക്കങ്ങൾക്ക് പണമില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അക്കാര്യം ഗൗരവമായി കാണുന്നുണ്ടോ; | (സി) | പ്രളയം, കോവിഡ് അടക്കമുള്ള വിവിധ കാരണങ്ങൾ കൊണ്ട് തിരുവിതാംകൂർ ദേവസ്വം ബോർഡിനുണ്ടായ വരുമാന നഷ്ടം പരിഹരിക്കുന്നതിനായി 2019 -2020 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ആകെ 130 കോടി രൂപയുടെ പ്രത്യേക സാമ്പത്തിക സഹായം സർക്കാർ തിരുവിതാംകൂർ ദേവസ്വം ബോർഡിന് നൽകിയിട്ടുണ്ട്. കൂടാതെ ടി കാലയളവിൽ വാർഷിക വിഹിതം ഇനത്തിൽ 1 കോടി 60 ലക്ഷം രൂപയും സർക്കാർ തിരുവിതാംകൂർ ദേവസ്വം ബോർഡിന് അനുവദിച്ചിട്ടുണ്ട്. 2021 നവംബർ 15-ന് ആരംഭിക്കുന്ന മണ്ഡല-മകരവിളക്ക് തീർത്ഥാടനത്തിനായി ശബരിമലയിലെത്തുന്ന തീർത്ഥാടകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് പോലും കഴിയാത്ത തരത്തിലുള്ള സാമ്പത്തിക സ്ഥിതിയിലാണ് തിരുവിതാംകൂർ ദേവസ്വം ബോർഡെന്നും ബോർഡിന് അടിയന്തര ധനസഹായമായി 100 കോടി രൂപ കൂടി അനുവദിക്കണമെന്നും ആവശ്യപ്പെട്ടുള്ള തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റിന്റെ അപേക്ഷ ലഭിച്ചിരുന്നു. ആയത് സർക്കാർ ഗൗരവപൂർവ്വം പരിശോധിച്ചു വരികയാണ്. |
| (ഡി) | ദേവസ്വം ബോർഡിന്റെ പ്രസ്തുത ആവശ്യത്തിൻമേൽ അനുകൂല നിലപാട് സ്വീകരിക്കുമോ എന്ന് | (ഡി) | പ്രളയം, കോവിഡ് അടക്കമുള്ള വിവിധ കാരണങ്ങൾ കൊണ്ട് തിരുവിതാംകൂർ ദേവസ്വം |

| | | | |
|---|---|---|---|
| | വ്യക്തമാക്കാമോ? | | ബോർഡിനുണ്ടായ വരുമാന നഷ്ടം പരിഹരിക്കുന്നതിനായി 2019 -2020 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ആകെ 130 കോടി രൂപയുടെ പ്രത്യേക സാമ്പത്തിക സഹായം സർക്കാർ തിരുവിതാംകൂർ ദേവസ്വം ബോർഡിന് നൽകിയിട്ടുണ്ട്. കൂടാതെ ടി കാലയളവിൽ വാർഷിക വിഹിതം ഇനത്തിൽ 1 കോടി 60 ലക്ഷം രൂപയും സർക്കാർ തിരുവിതാംകൂർ ദേവസ്വം ബോർഡിന് അനുവദിച്ചിട്ടുണ്ട്. 2021 നവംബർ 15-ന് ആരംഭിക്കുന്ന മണ്ഡല-മകരവിളക്ക് തീർത്ഥാടനത്തിനായി ശബരിമലയിലെത്തുന്ന തീർത്ഥാടകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് പോലും കഴിയാത്ത തരത്തിലുള്ള സാമ്പത്തിക സ്ഥിതിയിലാണ് തിരുവിതാംകൂർ ദേവസ്വം ബോർഡെന്നും ബോർഡിന് അടിയന്തര ധനസഹായമായി 100 കോടി രൂപ കൂടി അനുവദിക്കണമെന്നും ആവശ്യപ്പെട്ടുള്ള തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റിന്റെ അപേക്ഷ ലഭിച്ചിരുന്നു. ആയത് സർക്കാർ ഗൗരവപൂർവ്വം പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ